**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2352** **07-07-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി-ധോണി- മുട്ടികുളങ്ങര റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് മുഖാന്തിരം നടപ്പിലാക്കുന്ന മലമ്പുഴ നിയോജക മണ്ഡലത്തിലെ റെയിൽവേ കോളനി-ധോണി- മുട്ടികുളങ്ങര റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | മലമ്പുഴ നിയോജക മണ്ഡലത്തിലെ റെയിൽവേ കോളനി – ധോണി – മുട്ടികുളങ്ങര റോഡിന്റെ വിശദ പഠന റിപ്പോർട്ട് നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് 12.66 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ടി റോഡിന്റെ മൊത്തം നീളമായ 7 കിലോമീറ്ററിൽ, 3 കിലോമീറ്റർ ദൂരം റോഡിന്റെ ഇരു വശവും റെയിൽവേ ഭൂമി ആയതുകൊണ്ട് ഭൂമിയേറ്റെടുക്കൽ ശ്രമകരമാണെന്നും അതിനാൽ കിഫ്ബി നിലവാരത്തിലേക്ക് റോഡിന്റെ നിലവാരം ഉയർത്താൻ ബുദ്ധിമുട്ടാണെന്നും കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട് ഈ സാഹചര്യത്തിൽ, നിലവിലുള്ള പാത പുതിയ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ (FDR) ഉപയോഗിച്ച് നവീകരിക്കുവാൻ കിഫ്ബി തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരള റോഡ് ഫണ്ട് ബോർഡിന് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി യായ കെ.ആർ.എഫ്.ബി. ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേക്ക് കടക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | കേരള റോഡ് ഫണ്ട് ബോർഡ് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അതിന്മേൽ അവലോകനം നടത്തി പുതുക്കിയ ധനാനുമതി നൽകുന്നതും അതിനെ തുടർന്ന് നിർവഹണ ഏജൻസിയ്ക്ക് സാങ്കേതികാനുമതി നൽകൽ, ദർഘാസ് ക്ഷണിക്കൽ തുടങ്ങിയ പ്രക്രിയകളിലേയ്ക്ക് കടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ